ചന്ദ്രിക

Dated 05/01/2025 Page No - 3
Malappuram Edition Column - 3

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 11 ന്

വളാഞ്ചേരി : ഒമ്പതാമത് മലപ്പുറം ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 11ന് വേങ്ങര പീസ് പബ്ലിക് സ്കൂൾ ഗ്രൗണ്ടിൽ നടത്തുന്നു. 8നു മുമ്പായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും പൂർത്തിയാക്കേണ്ടതാണ്. ഓപ്പൺ സെലെക്ഷൻ ഉണ്ടായിരിക്കുന്നതല്ല. തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട മലപ്പുറം ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തിരഞ്ഞെടുക്കുന്നതാണ്.

ദേശാഭിമാനി
Malappuram Edition
Dated on 05/01/2025
Page No : 3, Column - 1

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**വളാഞ്ചേരി**

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 11ന് വേങ്ങര പീസ് പബ്ലിക് സ്കൂൾ ഗ്രൗണ്ടിൽ നടത്തും. എട്ടിനകം പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ നടത്തണം. തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിനെ തെരഞ്ഞെടുക്കും. ഫോൺ: 8590806050, 9633871688.

മലയാള മനോരമ
ESTABLISHED 1888
Malappuram Edition
Dated 05/01/2025
Page No - 5
Column - 4

# ത്രോബോൾ

കോട്ടയ്ക്കൽ ● ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 11ന് വേങ്ങര പീസ് പബ്ലിക് സ്കൂൾ ഗ്രൗണ്ടിൽ. 8നു മുൻപായി റജിസ്ട്രേഷൻ www. throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കാം. 8590806050, 9633871688.

Malappuram Edition
Dated 12/01/2025

ദേശാഭിമാനി

Page No - 4
Column - 5,6,7

# ക്യാമ്പസ് 9 യൂണിവേഴ്സിറ്റി ജേതാക്കൾ



മലപ്പുറം സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിലെ ആൺകുട്ടികളിൽ ചാമ്പ്യൻമാരായ ക്യാമ്പസ് 9 യൂണിവേഴ്സിറ്റി ടീം

**വളാഞ്ചേരി**

വേങ്ങര പീസ് പബ്ലിക് സ്കൂളിൽ നടന്ന ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ക്യാമ്പസ് 9 യൂണിവേഴ്സിറ്റി ജേതാക്കളായി. മാർത്തോമാ എച്ച്എസ്എസ് രണ്ടും പീസ് പബ്ലിക് സ്കൂളും മാർത്തോമാ സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം നേടി. ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരനായി ക്യാമ്പസ് 9 യൂണിവേഴ്സിറ്റിയിലെ റോബിനെ തെരഞ്ഞെടുത്തു. ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം പീസ് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ ജാസ്മിർ ഫൈസൽ നിർവഹിച്ചു. പീസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ സി കെ ഹബീല, സ്കൂൾ അഡ്മിൻ കമർ, ത്രോബോൾ അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് പി വിപിൻ എന്നിവർ സംസാരിച്ചു. സമാപന സമ്മേളനത്തിൽ ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സെർവർ സി സുരേഷ് സമ്മാനം നൽകി. പീസ് പബ്ലിക് സ്കൂൾ കായികാധ്യാപകൻ ജസീം സ്വാഗതവും ത്രോബോൾ അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശേരി നന്ദിയും പറഞ്ഞു.